യോഹ. 2:1 -11

**2023 ജനുവരി 29**

## വചനസന്ദേശം

**ഡോ. റിജു വെളിയിൽ**

# നിറവിന്റെ കൽഭരണികൾ

തന്റെ പരസ്യജീവിതത്തിന് നാന്ദി കുറിക്കുവാൻ കർത്താവ് തെരഞ്ഞെടുത്ത വേദി ഒരു കുടുംബമായിരുന്നുവെന്നത്, കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണ് (സങ്കീ. 127:1) എന്ന വചനത്തെ ഊട്ടിയുറപ്പിക്കുന്നു. യേശുവിനെ നമ്മുടെ ജീവിതത്തിന്റെ നടുക്ക് നിറുത്തണം. ക്രിസ്തുവിനെ മാറ്റിനിർത്തിയുള്ള ആഘോഷങ്ങൾ പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിന്റെ കാരണം മറ്റൊന്നല്ല.

കാനായിലെ വിരുന്നിലേക്ക് ഈശോ എത്തിച്ചേരുന്നത് ആഘോഷങ്ങളിൽ പങ്കുചേരുക എന്ന ഉദ്ദേശത്തോടെ മാത്രമല്ല; കുടുംബനാഥന്റെ കണക്കുകൂട്ടലുകൾ തെറ്റുന്നിടത്ത് തന്റെ സാന്നിദ്ധ്യം ഉറപ്പിക്കാനാണ്. ജീവിതത്തെക്കുറിച്ച് ശരിയായ കണക്കുകൂട്ടലുകൾ നടത്താനും പ്രാവർത്തികമാക്കുവാനും ആർക്കാണ് ഇന്നുവരെ കഴിഞ്ഞിട്ടുള്ളത്? കണക്കുകൂട്ടലുകൾ തെറ്റാൻ സാധ്യതയുണ്ടെന്നും അവിടെ അത്യുന്നതന്റെ സാന്നിദ്ധ്യം ഉറപ്പാക്കണമെന്നുമുള്ള സൂചനയാണ് ഈ വചനഭാഗത്തിലൂടെ നമുക്ക് ലഭിക്കുന്നത്. നമ്മുടെ കുറവുകളെ നിറവുകളാക്കി മാറ്റാൻ കഴിയുന്നവൻ നമ്മോടൊപ്പം ഉണ്ടാകണം.

കാനായിലെ വിരുന്ന് നമ്മുടെ ഓരോരുത്തരുടെയും ജീവിതമാണ്. ജീവിതത്തിന്റെ ലഹരി പല രീതിയിൽ നഷ്ടപ്പെടാം. വീഞ്ഞ് തീർന്നതുപോലെ സ്നേഹം തീർന്നുപോകുന്നു, സമ്പത്ത് തീർന്നുപോകുന്നു, ആരോഗ്യം തീർന്നു പോകുന്നു, സൗന്ദര്യം നഷ്ടപ്പെടുന്നു. ഇതൊക്കെ വലിയ പ്രതിസന്ധികളായി നമ്മെ അലട്ടിയേക്കാം. എന്നാൽ ലോകത്തിന്റേതായത് ഒന്നുംതന്നെ നമുക്ക് ശാശ്വത ലഹരി നല്കില്ല. എന്നാൽ അവന്റെ സ്പർശനമേറ്റതെന്തും – കൽഭരണികളിലെ പച്ചവെള്ളം പോലും – നമ്മുടെ ജീവിതം ധന്യമാക്കും. അവസാനം വരെ നല്ല വീഞ്ഞ് സൂക്ഷിക്കാനും വിളമ്പാനും സകല കുടുംബങ്ങൾ ക്കും കഴിയണമെങ്കിൽ കുടുംബത്തിലേക്ക് കർത്താവിന് പ്രവേശനവും പ്രവർ ത്തന സ്വാതന്ത്ര്യവും അനുവദിക്കണം.

പ്രതിസന്ധികളിൽ നമുക്ക് ഏറ്റവും സുരക്ഷിതമായ മാധ്യസ്ഥം അമ്മയുടെ മാധ്യസ്ഥമാണ്. തന്റെ അമ്മയുടെ മഹിമ ഒരിക്കലും അവഗണിക്കാത്ത മകൻ, അമ്മയോടൊപ്പം അഭയം തേടുന്നവർക്ക് സമൃദ്ധി നല്കുക തന്നെ ചെയ്യും.
മാതാവ് നല്കുന്ന മാധ്യസ്ഥത്തോളം വരില്ല മറ്റൊന്നും. സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിലെ മധ്യസ്ഥയാണ് അമ്മ. സങ്കടക്കടലുകൾ നീന്തിക്കടന്നിട്ടുള്ള അമ്മയ്ക്ക് മക്കളുടെ സങ്കടം തിരിച്ചറിയാനും അതിനു പരിഹാരം കാണാനുമുള്ള വ്യഗ്രതയുണ്ടാകും. അമ്മയുടെ അഭ്യർത്ഥന കേട്ട മകൻ പറയുന്നത് ''തന്റെ സമയം ആയിട്ടില്ല'' എന്നാണ്. താൻ പ്രവർത്തിക്കാൻ പോകുന്ന അത്ഭുതം തന്റെ മരണത്തിലേക്കുള്ള ചവിട്ടുപടികളുടെ തുടക്കമാണെന്ന് മകന് അറിയാം. ഇത് തന്റെ അമ്മയോട് വെളിപ്പെടുത്തുക മാത്രമാണ് മകൻ ചെയ്തത്. എന്നും തിരുഹിതത്തിനു കീഴടങ്ങുന്ന മറിയം, ഇവിടെ തന്റെ മകന്റെ രക്ഷാകര ദൗത്യം എപ്പോഴായാലും തുടങ്ങേണ്ടതാണ് എന്ന ബോധ്യത്തിൽ പരിചാരകനോട് തന്റെ മകന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ ആവശ്യപ്പെടുകയാണ്. ഒഴിഞ്ഞ വീഞ്ഞുഭരണികൾ നിറഞ്ഞ ഭരണികളാക്കി അതിൽ ഏറ്റവും രുചികരമായ വീഞ്ഞ് നിറയ്ക്കാൻ തന്റെ പുത്രനേ കഴിയൂ. ജീവിതമാകുന്ന കൽഭരണികളിൽ സ്പർശിച്ച് ദൈവാനുഗ്രഹത്തിന്റെ വീഞ്ഞ് നിറയ്ക്കാൻ നമുക്ക് അമ്മയുടെ മാധ്യസ്ഥം നേടാം.

എ